(ബി) ഇല്ലെങ്കിൽ കാരണമെന്ത്; ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്നുപറയാമോ;

(സി) ഈ ഓരോ സബ് ഡിപ്പോകളിൽ നിന്നും എത്ര ബസ്സുകളാണ് ഓപ്പറേറ്റുചെയ്തിരുന്നത്;

(ഡി) താമരശ്ശേരിയിൽ നിന്നും ഓപ്പറേറ്റു ചെയ്തിരുന്ന പല റൂട്ടുകളിലും ഇപ്പോൾ ബസ് ഓടിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) താമരശ്ശേരിയിലും മാനന്തവാടിയിലും പണി തുടങ്ങിമിക്കവാറും പകുതിയോളമായി. കൽപ്പറ്റയിൽ പണിതുടങ്ങിയിട്ടില്ല. സാമ്പത്തിക പരിമിതിമൂലം പണി പൂർത്തിയാക്കുന്ന കൃത്യമായ തീയതി പറയുവാൻ നിർവ്വാഹമില്ല.

(സി) കൽപ്പറ്റ, മാനന്തവാടി എന്നീ ഓപ്പറേറ്റിംഗ് സെൻറുകളിൽ നിന്നും 35 ഷെഡ്യൂളുകളും വീതവും താമരശ്ശേരി സബ് ഡിപ്പോയിൽ നിന്ന് 22 ഷെഡ്യൂളുകളും ആണ് ഓപ്പറേറ്റു ചെയ്യുന്നത്.

(ഡി) ഉണ്ട്.

(ഇ) ബസ്സുകളും, ടയർ, സ്പെയർപാർട്ടുകളും എന്നിവയുടെ കുറവുമൂലമാണ് സർവ്വീസുകൾ കൃത്യമായി ഓടിയ്ക്കാൻ കഴിയാതെ വന്നത്.

കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയുടെ പണി

1667 [2497] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ട്രാൻസ്പോർട്ട് ഡിപ്പോയുടെ പണികൾ എത്രത്തോളമായെന്നു വ്യക്തമാക്കാമോ;

(ബി) അതിന്റെ പണികൾ എന്ന് പൂർത്തീകരിക്കും;

(സി) പ്രസ്തുത പണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മിക്കവാറും പണികൾ പൂർത്തീയാക്കിക്കഴിഞ്ഞു.

(ബി) പൂർണ്ണമായി താമസംവിനാ പൂർത്തീകരിക്കും.

(സി) നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

വടക്കഞ്ചേരിയിൽ പുതിയ കെ. എസ്. ആർ. ടി. സി. കെട്ടിടം

1668 [2498] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരിയിൽ കെ. എസ്. ആർ. ടി. സി. ക്കു പുതിയ കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വടക്കഞ്ചേരിയിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

1669 [2499] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരിയിലെ കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ എന്നാണ് ആരംഭിച്ചത്;

(ബി) വടക്കഞ്ചേരിയിൽ ആകെ എത്ര സർവ്വീസ്സുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ട്;

(സി) വടക്കഞ്ചേരിയിൽ ഇപ്പോൾ മുടങ്ങിക്കിടക്കുന്ന ഷെഡ്യൂളുകൾ ഏതെല്ലാം?

ഉത്തരം

(എ) വടക്കഞ്ചേരി ഓപ്പറേറ്റിംഗ് സെന്റർ പ്രവർത്തനം ആരംഭിച്ചത് 26–6–1985 ലാണ്.

(ബി) പതിമൂന്നു സർവ്വീസുകൾ ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

(സി) ഒരു ഷെഡ്യൂളും സ്ഥിരമായി മുടക്കിയിട്ടില്ല. എന്നാൽ ബസ്സുകളുടെ കുറവുമൂലം ചിലപ്പോൾ ചില സർവ്വീസ്സുകൾ കൃത്യമായി ഓടിയ്ക്കാൻ സാധിക്കാതെ വരുന്നുണ്ട്.

കെ. എസ്. ആർ. ടി. സി. ബസ്സുകൾ

1670 [2501.] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര റൂട്ടുകളിൽ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ ഓടുന്നുണ്ട് അതിൽ എത്രയെണ്ണം നഷ്ടമില്ലാതെ ഓടുന്നുണ്ട്;

(ബി) എത്രയെണ്ണം നഷ്ടത്തിൽ ഓടുന്നുണ്ട്;

(സി) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തതിനുശേഷം 31–10–1986 വരെ എത്ര റൂട്ടുകളിൽ ബസ്സുകൾ നിറുത്തി;

(ഡി) എത്ര റൂട്ടുകളിൽ പുതിയതായി ബസ്സുകൾ ഓടിച്ചു;

(ഇ) ഓടിച്ചവയിൽ എത്ര എണ്ണം നഷ്ടത്തിലുണ്ട്?

ഉത്തരം

(എ) ഇപ്പോൾ ഓടുന്ന 2321 ഷെഡ്യൂളുകളിൽ 296 ഷെഡ്യൂളുകളാണ് നഷ്ടമില്ലാതെ ഓടുന്നത്.

(ബി) 2025 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly